ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.10.2024**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിലെത്തി. ഏകതാ നഗറിൽ 280 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു.
2. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭ മണ്ഡലങ്ങളിലും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു. പ്രചാരണം സജീവം.
3. ആദിവാസി മേഖലകളിലെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്.
4. ഉദ്യോഗസ്ഥ അഴിമതി നിർമാർജനത്തിനായുള്ള വിജിലൻസ് സംവിധാനം സംസ്ഥാനത്ത് ഫലപ്രദമെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ. കേരളം അഴിമതി മുക്തമായിരിക്കുന്നത് അതിനാലെന്നും മന്ത്രി.
5. പാരിസ് ഒളിമ്പിക്സിൽ വെങ്കലനേട്ടം ആവർത്തിച്ച ഇന്ത്യൻ ഹോക്കി താരം പി. ആർ. ശ്രീജേഷിന് സംസ്ഥാന സർക്കാരിന്റെ ആവേശോജ്വല സ്വീകരണം.

***************************

RNU TVPM

## പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിലെ ഏകതാ നഗറിൽ 280 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു.. രണ്ട് ദിവസത്തെ സന്ദർശനത്തിനാണ് പ്രധാനമന്ത്രി സംസ്ഥാനത്തെത്തിയത്. 99-ാമത് കോമൺ ഫൗണ്ടേഷൻ കോഴ്സ് - ആരംഭ് 6.0, യിലെ ഓഫീസർ ട്രെയിനികളെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ദേശീയ ഏകതാ ദിവസായ നാളെ ശ്രീ മോദി ഏകതാ പ്രതിമയിൽ പുഷ്പാർച്ചന നടത്തും. രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷ ചടങ്ങിൽ ഏകത പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന പ്രധാനമന്ത്രി ഏകതാ പരേഡും വീക്ഷിക്കും.

**************************

## ഉപതെരഞ്ഞെടുപ്പ്

RNU TVPM

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭ മണ്ഡലങ്ങളിലും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു. മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാണ്..പാലക്കാട് പാർട്ടികളിലെ മുതിർന്ന നേതാക്കൾ മണ്ഡലത്തിൽ പ്രചാരണത്തിനായി എത്തിത്തുടങ്ങി. യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പിരായിരി പഞ്ചായത്തത്തിലാണ് വോട്ടഭ്യർത്ഥന നടത്തുന്നത്. എൽ.ഡി.എഫ് സ്ഥാനാർഥി പി.സരിൻ ഇന്ന് മാത്തൂർ പഞ്ചായത്തിൽ പ്രചാരണം നടത്തുന്നു. എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാർ പിരായിരി പഞ്ചായത്തിലെ ബൂത്ത് സമ്പർക്കങ്ങളിൽ പങ്കെടുക്കുന്നു. വയനാട്ടിലും മൂന്ന് മുന്നണികളുടേയും തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു.

**************************

## <u>ഉപതെരഞ്ഞെടുപ്പ്- ചേലക്കര (ഇൻട്രോ)</u>

ചേലക്കര നിയമസഭാ മണ്ഡലത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. മുന്നണി സ്ഥാനാർത്ഥികളെല്ലാം ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്നതിനുള്ള തിരക്കിലാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.

(വോയ്സ്)

***************************

## <u>ആദിവാസി മേഖല- വീണാ ജോർജ്</u>

സംസ്ഥാനത്തെ ആദിവാസി മേഖലകളിലെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികവർഗ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വനിത ശിശുവികസന വകുപ്പ് എന്നിവ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ നടപടിക്രമങ്ങൾ തയ്യാറാക്കുമെന്ന് മന്ത്രി പറഞ്ഞു.

RNU/TVPM

***************************

## <u>എ കെ ശശീന്ദ്രൻ വിജിലൻസ്</u>

ഉദ്യോഗസ്ഥ അഴിമതി നിർമാർജനത്തിനായുള്ള വിജിലൻസ് സംവിധാനം ഫലപ്രദമാണെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ. അതുകൊണ്ടാണ് കേരളം അഴിമതി മുക്തമായി നിലനിൽക്കുന്നതെന്നും അദ്ദേഹം പററഞ്ഞു. വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വിജിലൻസ് ബോധവത്കരണ വാരാഘോഷം തിരുവനന്തപുരം പി.ടി.പി നഗർ അരണ്യം ഹാളിൽ ഉദ്ഘാടനം

ചെയ്യുകയായിരുന്നു മന്ത്രി. വനംവകുപ്പുമായി ബന്ധപ്പെട്ട വർഷങ്ങൾ പഴക്കമുള്ള വിജിലൻസ് കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിന് മൂന്നു മാസത്തിനകം കർമ പദ്ധതി തയ്യാറാക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

***************************

## സ്പെഷ്യൽ ട്രെയിൻ - അശ്വിനി വൈഷ്ണവ്

ദീപാവലി, ഛഠ് ഉത്സവ സീസണിൽ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ഇത്തവണ രാജ്യത്ത് 7000 സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തും. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് രണ്ടായിരത്തി അഞ്ഞൂറിലധികം ട്രെയിനുകളാണ് ഈ വർഷം സർവ്വീസ് നടത്തുന്നതെന്ന് ഇന്ത്യൻ റെയിൽവേ അറിയിച്ചു. ദിവസേന രണ്ട് ലക്ഷത്തോളം യാത്രക്കാർക്ക് അധികമായി ഈ പ്രത്യേക ട്രെയിനുകളിൽ യാത്ര ചെയ്യാൻ കഴിയും.

***************************

## റെയിൽവേ -സ്പെഷ്യൽട്രെയിൻ

ദീപാവലി സീസണിലെ തിരക്ക് കുറയ്ക്കാൻ 48 സ്‌പെഷ്യൽ ടെയിനുകളാണ് ദക്ഷിണ റയിൽവേ നടത്തുന്നത്. ചെന്നൈ-കോട്ടയം, കൊച്ചുവേളി-ബംഗ്ളൂരു, കൊച്ചുവേളി-മുംബൈ, കൊച്ചുവേളി- ഡെൽഹി റൂട്ടുകളിൽ പ്രത്യേക ട്രെയിൻ സർവ്വീസുകൾ ഉണ്ടാകും.

***************************

## പി. ആർ. ശ്രീജേഷ്

പാരിസ് ഒളിമ്പിക്സ്സിൽ വെങ്കലനേട്ടം ആവർത്തിച്ച ഇന്ത്യൻ ഹോക്കി താരം പി. ആർ. ശ്രീജേഷിന് സംസ്ഥാന സർക്കാരിന്റെ ആവേശോജ്വല സ്വീകരണം.തിരുവനന്തപുരം വെള്ളയമ്പലത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സ്വീകരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.സർക്കാർ പ്രഖ്യാപിച്ച 2 കോടി രൂപയുടെ പാരിതോഷികവും ശ്രീജേഷിന് ചടങ്ങിൽ സമ്മാനിച്ചു.വൈകുന്നേരം മാനവീയം വീഥിയിൽ നിന്നും തുറന്ന ജീപ്പിൽ ഘോഷയാത്രയായിട്ടാണ് ശ്രീജേഷിനെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലേക്ക് ആനയിച്ചത്.

***************************

RNU TVPM

## ഇടുക്കി (ഇൻട്രോ)

തരിശുഭൂമികൾ കതിരണിയിക്കാൻ സർക്കാർ സഹായത്തോടെ ഇടുക്കിയിൽ നടപ്പാക്കുന്ന പദ്ധതി വൻ വിജയത്തിലേക്ക്. നെല്ലും പച്ചക്കറികളുമടക്കം വിവിധ വിളകളാണ് തരിശുനിലങ്ങളിൽ വിളയുന്നത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

***************************

## കേരളപ്പിറവി കവിയരങ്ങ്

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75ആം വാർഷികത്തോടനുബന്ധിച്ച്
കേരളപ്പിറവി  കവിയരങ്ങ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഐരാണിമുട്ടം തുഞ്ചൻ സ്മാരകത്തിലാണ് കവിയരങ്ങ് നടന്നത്. കല്പറ്റ നാരായണൻ, കെ ജയകുമാർ, പ്രമീള ദേവി, ശ്രീലതാ വർമ തുടങ്ങിയവർ  കവിയരങ്ങിൽ പങ്കെടുത്തു. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി ശിവകുമാർ, പ്രോഗ്രാം വിഭാഗം അസിസ്റ്റന്റ് ഡയറക്ടർമാരായ ശ്രീകുമാർ മുഖത്തല, പി എ ബിജു തുടങ്ങിയവരും പരിപാടിയിൽ സന്നിഹിതരായിരുന്നു.

RNU TVPM

***************************

## കാസർകോട്- വെടിക്കെട്ട്

കാസർകോട് നീലേശ്വരത്തുണ്ടായ  വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കും. ഇന്ന് ചേർന്ന മന്ത്രിസഭായോഗത്തിൻ്റേതാണ് തീരുമാനം.

***************************

## ശ്രീപത്മനാഭ- അല്പശി

തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമിക്ഷേത്രത്തിൽ  അല്പശി ഉത്സവത്തിന് നാളെ രാവിലെ കൊടിയേറും. നവംബർ 8 ന് പള്ളിവേട്ടയും, ഒൻപതിന് ശംഖുമുഖത്ത് ആറാട്ടും നടക്കും.

***************************

## ശബരിമല

ശ്രീ ചിത്തിര ആട്ട തിരുനാളിനോട് അനുബന്ധിച്ചുള്ള പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. വൈകിട്ട് 5 മണിക്ക് തന്ത്രി കണ്ഠരര് ബ്രഹ്മദത്തന്റെ സാന്നിധ്യത്തിൽ മേൽശാന്തി പി എൻ മഹേഷ് നമ്പൂതിരി ശ്രീകോവിൽ തുറന്നു ദീപം തെളിയിച്ചു. നാളെയാണ് ശ്രീചിത്തിര ആട്ട തിരുനാൾ. പൂജകൾക്ക് ശേഷം നാളെ രാത്രി 10 മണിക്ക് നടയടക്കും.

***************************

## ദീപാവലി

രാജ്യം നാളെ ദീപാവലി ആഘോഷിക്കും .തിന്മയുടെ കൂരിരുട്ടിനുമേൽ നന്മയുടെ വെളിച്ചം നേടുന്ന വിജയത്തിന്റെ ഉത്സവമാണ് ദീപാവലി. ആഘോഷത്തിന്റെ ഭാഗമായി ഇന്ന് സന്ധ്യമുതൽ വിശ്വാ സികൾ ദീപം തെളിയിച്ചും പടക്കങ്ങൾ പൊട്ടിച്ചും ആഘോഷത്തെ വരവേറ്റു കഴിഞ്ഞു . സംസ്ഥാനത്ത് രാത്രി 8 മണി മുതൽ 10 മണിവരെയാണ് പടക്കം പൊട്ടിക്കാൻ അനുമതിയുള്ളത്.

RNUTVPM

***************************

## കളിക്കളം

ധാരാളം കഴിവുള്ള കായിക താരങ്ങളെ കണ്ടെത്താൻ ഉതകുന്ന കായികമേളയായി കളിക്കളം മാറിയെന്ന് മന്ത്രി വി അബ്ദുറഹിമാൻ.പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ ഏഴാമത് സംസ്ഥാന തല കായികമേള 'കളിക്കളം -2024' ന്റെ സമാപന സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കായിക മത്സരങ്ങളിൽ ഓരോ വിഭാഗങ്ങളിലും ഓവറോൾ ചാമ്പ്യന്മാരായ സ്ഥാപനങ്ങൾക്കും ഏറ്റവും കൂടുതൽ പോയിന്റ് നേടിയ മികച്ച കായികതാരങ്ങൾ, മികച്ച പരിശീലകൻ എന്നിവർക്കുമുള്ള പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു.

***************************

## മദർഷിപ്പായ

കൂറ്റൻ മദർഷിപ്പായ എം എസ് സി വിവിയാന  കേരളപ്പിറവി ദിനത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തും. 400 മീറ്റർ നീളവും 58 മീറ്റർ വീതിയുമാണ് കപ്പലിന് ഉള്ളത്. 1,85,593 ടൺ ഭാരം വഹിക്കാൻ ശേഷിയുള്ള കപ്പലാണ് എം എസ് സി വിവിയാന.

***************************

## K രാജൻ

കണ്ണൂർ എ ഡി എം ആയിരുന്ന നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ അന്വേഷണറിപ്പോർട്ട് ചീഫ് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്ന് മന്ത്രി കെ രാജൻ.എന്നാൽ തനിക്ക് റിപ്പോർട്ട് കിട്ടിയിട്ടില്ല. റവന്യൂ വകുപ്പിൻറെ അന്വേഷണം എന്താണ് സംഭവിച്ചത് എന്നുള്ളതാണ്, അല്ലാതെ കുറ്റം സംബന്ധിച്ചല്ലെന്നും മന്ത്രി വ്യക്തമാക്കി.

***************************

## സിബിസി ബോധവത്കരണം

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ  കണ്ണൂർ ചക്കരക്കല്ലിൽ നടന്ന സംയോജിത ആശയ വിനിമയ ബോധവൽക്കരണ പരിപാടി  സമാപിച്ചു. പരിപാടിയുടെ ഭാഗമായി ഫോട്ടോ എക്സിബിഷൻ, മെഡിക്കൽ ക്യാമ്പ്, ബോധവത്കരണക്ലാസുകൾ എന്നിവയും സംഘടിപ്പിച്ചു.

***************************

PNU TVPM

## കാശ്മീർ യൂത്ത് എക്സ്ചേഞ്ച് പരിപാടി

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം, നെഹ്റു യുവ കേന്ദ്ര എന്നിവയുടെ സയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കാശ്മീർ യൂത്ത് എക്സചേഞ്ച് പരിപാടി നവംബർ ഒന്ന് മുതൽ ആറ് വരെ തിരുവനന്തപുരത്ത് നടക്കും. ഉദ്ഘാടനം മറ്റന്നാൾ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കും.

***************************

**********************

****************

RNU TVPM